**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** **04-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഗതാഗത വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗതാഗത വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗതാഗത വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാന ജല ഗതാഗത വകുപ്പ്:<br><br>കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന വകുപ്പിന്റെ പറശ്ശിനിക്കടവ് സ്റ്റേഷനിൽ നിന്നും എഫ് സി 6 എന്ന ഫൈബർ ബോട്ട് ഉപയോഗിച്ച് ടൂറിസം കം പാസഞ്ചർ സർവീസ് ആരംഭിച്ചു. ടി മേഖലയിലേക്ക് ആലപ്പുഴയിൽ നിന്നും എസ് 25 എന്ന ബോട്ട് പുതിയതായി നൽകി. പഴയ ബോട്ട് എസ് 48 മേജർ വർക്കുകൾക്കായി മാറ്റിയിട്ടുണ്ട്. പറശ്ശിനിക്കടവിൽ സ്റ്റേഷൻ ഓഫീസ്, വർക്ക്ഷോപ്പ് എന്നിവയുടെ നിർമ്മാണത്തിനായി മയ്യിൽ പഞ്ചായത്തിൽ നിന്നും സർക്കാർ തലത്തിൽ വകുപ്പിലേക്ക് 50 സെന്റ് സ്ഥലം അനുവദിച്ചിട്ടുള്ളതും ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ടി ഭാഗത്തുള്ള നിർമ്മാണപ്രവൃത്തികൾക്കുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്<br><br>.മോട്ടോർ വാഹന വകുപ്പ്<br><br>കല്ല്യാശ്ശേരി മണ്ഡലത്തിലെ 13 ബസ് റൂട്ടുകൾ ഉൾപ്പെടെ 503 ബസ് റൂട്ടുകൾ സംസ്ഥാനത്തിലാകെ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് 23.10.2025 തീയതിയിലെ B1/7/2025/TRANS നമ്പറായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത വിജ്ഞാപനം അന്തിമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ